(എഫ്) ഇല്ല.

(ജി, എച്ച്) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ ക്ഷാമബത്ത കുടിശ്ശിക

119 [1258] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്ക് എത്ര ഗഡു ക്ഷാമബത്ത കുടിശ്ശികയുണ്ട്; അത് എന്ന് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിലെ എത്ര തൊഴിലളികൾക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; എത്ര അപേക്ഷ പരിഗണനയിലുണ്ട്; പ്രസ്തുത അപേക്ഷകളിന്മേൽ എന്ന് തീരുമാനമെടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ പ്രൊമോഷൻ നടന്നിട്ട് എത്ര വർഷമായെന്ന് അറിയിക്കാമോ;

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 7 ഗഡു ഡി.എ. കുടിശ്ശികയുണ്ട്. സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ ഡി.എ. കുടിശ്ശിക കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) 1808 പേർക്ക് നൽകിയിട്ടുണ്ട്. 530 അപേക്ഷകൾ പരിഗണനയിലുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം ഈ ആനുകൂല്യം നൽകുന്നത് തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(സി) 2003-ലാണ് അവസാനമായി പ്രൊമോഷൻ നൽകിയത്.

റിട്ടയർ ചെയ്ത കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പി. എഫ്. ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി

120 [1259] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവരുടെ പി.എഫ്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കൂടുതൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഏതു തീയതിവരെ പെൻഷൻ ആയവർക്ക് പി.എഫ്. ആനുകൂല്യം നൽകിയിട്ടുണ്ട്;

(സി) കൂടുതൽ കാലതാമസം കൂടാതെ പി.എഫ്. തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly